# 'ദൈവത്തിനായ് എഴുന്നേൽക്കുക'

## ന്യായാധിപന്മാർ 3:9

''എന്നാൽ യിസ്രായേൽമക്കൾ യഹോവയോടു നിലവിളിച്ചപ്പോൾ യഹോവ കാലേബിന്റെ അനുജനായ കെനസിന്റെ മകൻ ഒത്നിയേലിനെ യിസ്രായേൽമക്കൾക്കു രക്ഷകനായി എഴുന്നേല്പിച്ചു; അവൻ അവരെ രക്ഷിച്ചു.''

ദൈവത്തെ മറന്ന ജനം, ബാൽ വിഗ്രഹങ്ങളിലും അശേരാ പ്രതിഷ്ഠയിലും ആനന്ദം കണ്ടെത്തി. അന്യാരാധനയിലേക്കും ജാതികളുമായി വിവാഹബന്ധം ഉറപ്പിക്കുകയും ചെയ്യാൻ തുടങ്ങിയ ദൈവജനത്തെയാണ് 3–ാം അദ്ധ്യായത്തിന്റെ ആദ്യഭാഗം നാം കാണുന്നത്. ദൈവം വെറുക്കുന്ന ഏറ്റം വലിയ പാപത്തിൽ തന്നെ വീണുപോയ തന്റെ ജനം. വാസ്തവത്തിൽ മോശ മുഖാന്തരം യഹോവ പറഞ്ഞ കല്പനകൾ അനുസരിക്കുമോ എന്ന് യിസ്രായേലിനെ പരീക്ഷിക്കുവാനായിരുന്നു ജാതികളെ അവർക്ക് ചുറ്റും നിർത്തിയിരുന്നത് (ന്യായാധിപന്മാർ 3:4). എന്നാൽ ദൈവഹിതം തിരിച്ചറിയാൻ കഴിയാതെ, ദൈവത്തിന് അനിഷ്ഠമായത് പ്രവർത്തിക്കാൻ യിസ്രായേല്യർ തുടങ്ങി.

ദൈവകോപം ജ്വലിക്കുവാൻ പാത്രമായ ജനത്തെ മെസോപൊത്താമ്യയിലേക്ക് വിറ്റുകളഞ്ഞു എന്ന് Judges 3:8 ൽ നാം വായിക്കുന്നു. ജനം അവരുടെ സേവകന്മാരായി തീർന്നു. യിസ്രായേൽ ജനം യഹോവയോടു നിലവിളിച്ചു. ദൈവം അവരുടെ നടുവിലേക്ക് ഒത്നിയേലിനെ അയക്കുന്നു. അതാണല്ലോ നാം കുറിവാക്യത്തിൽ കണ്ടത്. അതെ 'കാലേബിന്റെ അനുജനായ കെനസ്സിന്റെ മകൻ ഒത്നിയേൽ'. 'കാലേബ്' എന്ന വാക്കിന്റെ അർത്ഥം ''വേട്ടനായയെപ്പോലുള്ളവൻ'' എന്നായിരുന്നു. 'കെനസ്' എന്നു പറഞ്ഞാൽ ''വേട്ടക്കാരൻ'' എന്നും, 'ഒത്നിയേൽ' ദൈവം എന്റെ ബലം എന്നും അർത്ഥം.

ഇവ മൂന്നും ഒത്തുചേർന്നു വന്നപ്പോൾ ജനത്തിനു രക്ഷ കൈവന്നു. കാട്ടുമൃഗങ്ങളെ കണ്ടെത്തുകയാണല്ലോ വേട്ടനായയുടെ ജോലി. കണ്ടുകിട്ടിയ മൃഗങ്ങളെ കൊല്ലുക എന്നത് വേട്ടക്കാരന്റെ ലക്ഷ്യം. ദൈവമായ കർത്താവിൽ ബലം കണ്ടെത്തുന്ന ഒരുവന് (ഒത്നിയേലിനു) മാത്രമേ അത് ചെയ്യാൻ സാധിക്കുകയുള്ളു. പാപത്തിന്റെ കാരണം കണ്ടെത്തി ദൈവശക്തിയാൽ അതിനെ തകർക്കുവാനും, നശിപ്പിക്കുവാനും കഴിഞ്ഞാലേ രക്ഷ കൈവരൂ.

ഇവിടെ സൈന്യബലമോ ശക്തിയോ ഒന്നും എടുത്തു പറയുന്നില്ല. ദൈവത്തിന്റെ ആത്മാവ് അവന്റെ മേൽ വന്നു (Judges 3:10ൽ) എന്നാണ് നാം കാണുന്നത്. ദൈവഹിത

ത്തിനായി എഴുന്നേൽക്കുന്നവന്റെ മേൽ പകരപ്പെടുന്ന ആത്മശക്തിയാണിത്. ഇന്ന് നമ്മെ ഞെരുക്കുന്ന, തകർക്കുന്ന ശത്രുസൈന്യത്തിൻമേൽ, പോരാട്ടങ്ങളിൽ, ആത്മശക്തിയാൽ ജയം പ്രാപിക്കുവാൻ, ഒരു ഒത്നിയേലായി എഴുന്നേൽക്കുവാനുള്ള ആഹ്വാനം നമുക്ക് ലഭിക്കുന്നു. അതെ ദൈവം എന്റെ ബലം എന്നു പറഞ്ഞുകൊണ്ട് മെസോപൊത്താമ്യയിലെ രാജാവായ കൂശൻരിശാഥയീമിനെ അവൻ ജയിക്കുന്നു. പിന്നെ നീണ്ട 40 വർഷം ദേശത്ത് സ്വസ്ഥത ഉണ്ടായി എന്ന് വചനം പറയുന്നു. എത്ര അതിശയം.

ജീവിതത്തിലെ സ്വസ്ഥതയും സമാധാനവും നഷ്ടപ്പെടുന്ന സാഹചര്യങ്ങളെ അതായത് കൂശൻരിശാഥയീമാരെ ആത്മശക്തിയാൽ കണ്ടെത്താൻ നമുക്ക് പ്രാർത്ഥിക്കാം. ദൈവഹിതത്തിനെതിരായി വീണുപോകാൻ ഇടയാകാതെ, മെസോപൊത്താമ്യയിലെ സേവകന്മാരായി തീരാൻ ഇടയാകാതെ, 'ദൈവം എന്റെ ബലം' എന്നുപറഞ്ഞുകൊണ്ട് മുന്നോട്ട് ജീവിക്കാൻ ഇടയാകട്ടെ. സ്വസ്ഥത വേണമെങ്കിൽ മെസോപൊത്താമ്യൻ പൗരത്വം അഥവാ മെസോപൊത്താമ്യൻ അധീനതയിൽ നിന്നും ഒത്നിയേലിന്റെ അധീനതയിൽ വരണം. അതേ ഈ ലോകത്തിന് തരാൻ കഴിയാത്ത സ്വസ്ഥത ദൈവം പകർന്നു തരും. അത് ധാരാളമായി അനുഭവിക്കാൻ ഇടയാകട്ടെ.

പരാമർശം:
യെശയ്യാവു 12:2
ഇതാ, ദൈവം എന്റെ രക്ഷ; യഹോവയായ യാഹ് എന്റെ ബലവും എന്റെ ഗീതവും ആയിരിക്കകൊണ്ടും അവൻ എന്റെ രക്ഷയായ്തീർന്നിരിക്കകൊണ്ടും ഞാൻ ഭയപ്പെടാതെ ആശ്രയിക്കും.

സിസ്റ്റർ ബിന്ദു റെജി അയ്മനം 082